## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2513 — 19.12.2012-ൽ മറുപടിക്ക്

### കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്ന രോഗങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. എഫ്. തോമസ് :<br>,, റ്റി. യു. കുരുവിള : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, കിഡ്നി, കരൾ രോഗങ്ങൾ തുടങ്ങിയവ കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ എന്തെങ്കിലും തരത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ ; | (എ) ഇല്ല. സർക്കാരിന്റെ നേതൃത്വത്തിൽ പ്രത്യേക പഠന രീതികൾ ആവിഷ്കരിച്ചിട്ടില്ല. മറ്റ് ഏജൻസികൾ സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ബി) ഇപ്പോൾ ഇത്തരത്തിൽ നടപടികൾ നടന്നിട്ടില്ലെങ്കിൽ കേരളത്തിൽ വർദ്ധിച്ചു വരുന്ന വിവിധ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) ഈ രോഗത്തെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം ഫീൽഡ് ജീവനക്കാർ, ഡോക്ടർമാർ, മാസ് മീഡിയ വിഭാഗം എന്നിവർ മുഖേന നടത്തി വരുന്നു. കാൻസർ രോഗത്തെ സംബന്ധിച്ച് ആർ.സി.സി.യുടേയും, ആർ.സി.സി. ഉപകേന്ദ്രങ്ങളുടേയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകളും, മുൻകൂർ കാൻസർ നിർണ്ണയ പരിശോധനാ ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കും കമ്മ്യൂണിറ്റി മെഡിസിൻ സ്പെഷ്യാലിറ്റി വിദ്യാർത്ഥികൾക്കും ഇത്തരം രോഗങ്ങളെ സംബന്ധിച്ച പഠനം നടത്തുന്നതും ജനങ്ങളെ ബോധവൽക്കരിക്കുന്നതും അവരുടെ പാഠത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ